## 25. നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന് ധനസഹായം (പുതിയ പദ്ധതി)

(വിഹിതം :1000.00 ലക്ഷം രൂപ)

സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, അർഹമായ നിക്ഷേപങ്ങളുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിനുമാണ് സഹകരണ വകുപ്പ് കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സഹകരണ മേഖലയിലുള്ള പൊതുജന വിശ്വാസം ശക്തിപ്പെടുത്തുന്നതിനും അംഗങ്ങളുടെയും നിക്ഷേപകരുടെയും സമ്പാദ്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള സർക്കാരിന്റെ നയത്തിന്റെ ഭാഗമായി നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

പദ്ധതി പ്രകാരം, സഹകരണ സംഘങ്ങൾ അംഗത്വം സ്വീകരിക്കുന്ന സമയത്ത് അവരുടെ നിക്ഷേപ തുകയുടെ ഓരോ 100 രൂപയ്ക്കും 10 പൈസ നിരക്കിൽ നിക്ഷേപ ഗ്യാരണ്ടി ഫണ്ടിലേക്ക് സംഭാവന നൽകേണ്ടതാണ്. തുടർ വർഷങ്ങളിൽ നിക്ഷേപ ങ്ങളിൽ ഉണ്ടാകുന്ന വാർഷിക വർദ്ധനവിന്റെ 0.12 ശതമാനത്തിന് തുല്യമായ തുക ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്ക് വാർഷിക സംഭാവനയായി അടയ്ക്കേണ്ടതുമാണ്.

നിക്ഷേപകർക്ക് കൂടുതൽ സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി പദ്ധതി, 2018-ൽ ഭേദഗതി വരുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി (ഭേദഗതി) പദ്ധതി,2024 നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, ഗ്യാരണ്ടി ലഭിക്കുന്ന പരമാവധി തുക 5 ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്കുള്ള സർക്കാർ വിഹിതമായി 2026-27-ലെ ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| 2025-26 വിഹിതം | 2025-26 ചെലവ് | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| -- | -- | 2425-00-108-19 | 1000.00 |